പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 588 - 06.02.2013-ലെ മറുപടിക്ക്

## സംസ്ഥാനത്തിന്റെ റവന്യൂ കമ്മി നിജപ്പെടുത്തുന്നത്

| ചോദ്യം<br>ശ്രീ. സി.കെ. സദാശിവൻ | ഉത്തരം<br>ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) സാമ്പത്തിക ഉത്തരവാദിത്ത നിയമം അനുശാസിക്കുന്ന പ്രകാരം പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ഓരോ സാമ്പത്തിക വർഷവും സംസ്ഥാനത്തിന്റെ റവന്യു കമ്മി ആഭ്യന്തര ഉത്പാദനത്തിന്റെ എത്ര ശതമാനമായി നിജപ്പെടുത്തേണ്ടതുണ്ട് ; | 2011-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്റ്റ് പ്രകാരം റവന്യൂ കമ്മി 2012-13-ൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിന്റെ 0.9 ശതമാനമായും 2013-14-ൽ 0.5 ശതമാനമായും 2014-15-ൽ പൂജ്യം ശതമാനമായും കുറച്ച് കൊണ്ടു വരേണ്ടതാണ്. |
| (ബി) 2011-12 വർഷത്തിലെ ലക്ഷ്യം എത്രയാണ്; നിജപ്പെടുത്തുവാൻ സാധിച്ചത് എത്രയാണ്; 2012-13ൽ ലക്ഷ്യം എത്ര; നിജപ്പെടുത്തുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നത് എത്രയാണ്; | 2011-12 വർഷത്തിൽ റവന്യൂ കമ്മി ലക്ഷ്യം മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപാദനത്തിന്റെ 1.4 ശതമാനമാണ്. 2011-12 വർഷത്തെ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപാദനത്തിന്റെ ക്വിക് എസ്റ്റിമേറ്റാണ് ലഭ്യമായിട്ടുള്ളത്. അതിൻ പ്രകാരം 2011-12 വർഷത്തിൽ റവന്യൂ കമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപാദനത്തിന്റെ 2.55 ശതമാനമാണ്. 2012-13-ൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം റവന്യൂ കമ്മി ആഭ്യന്തര ഉൽപാദനത്തിന്റെ 0.9 ശതമാനമായി നിജപ്പെടുത്തിയിട്ടുണ്ട്. 2012-13 ലെ റിവൈസ്ഡ് എസ്റ്റിമേറ്റ് തിട്ടപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ പ്രതീക്ഷിക്കുന്ന റവന്യൂ കമ്മി ഇപ്പോൾ ലഭ്യമല്ല. |
| (സി) ആഭ്യന്തര ഉത്പാദനവുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള റവന്യൂ കമ്മി സംബന്ധിച്ച കേന്ദ്ര ഗവൺമെന്റിന്റെ നിലപാട് ശരിയാണെന്ന് കരുതുന്നുണ്ടോ ; വിശദമാക്കാമോ? | പൊതുവായി അംഗീകരിക്കപ്പെട്ട അളവ്കോൽ എന്ന നിലയ്ക്കാണ് ആഭ്യന്തര ഉൽപാദനത്തെ അടിസ്ഥാനമാക്കി റവന്യൂ കമ്മി തിട്ടപ്പെടുത്തുന്നത്. റവന്യൂ കമ്മി ക്രമമായി കുറച്ച്കൊണ്ട് വരണമെന്നുള്ളത് തന്നെയാണ് സംസ്ഥാന സർക്കാരിന്റെയും നിലപാട്. |

സെക്ഷൻ ഓഫീസർ.